പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2562** — **12.03.2018-ൽ മറുപടിയ്ക്ക്**

## പുലാമന്തോൾ, ചെറുതുരുത്തി എന്നീ പാലങ്ങളിലെ ടോൾ പിരിവ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.വി.അൻവർ** | | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** | |
| (എ) | മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ-പട്ടാമ്പി റോഡിലെ പുലാമന്തോൾ പാലത്തിനും പാലക്കാട് തൃശ്ശൂർ ജില്ലാ അതിർത്തിയിലെ ഷൊർണ്ണൂരിലെ ചെറുതുരുത്തി പാലത്തിനും നിലവിൽ വാഹനങ്ങൾക്ക് ടോൾ പിരിക്കുന്നുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ആരാണ് ടോൾ പിരിക്കുന്നത് എന്നത് വിശദമാക്കാമോ; ഏത് തീയ്യതി വരെ /എത്ര കാലം വരെയാണ് ഇവിടങ്ങളിൽ ടോൾ പിരിവ് തുടരുക എന്ന് വ്യക്തമാക്കാമോ; | (ബി) | പുലാമന്തോൾ പാലത്തിന്റെ ടോൾ ആർ.ബി.ഡി.സി.കെ ആണ് പിരിക്കുന്നത്. ഡയറക്ട് ടോൾ കൺസഷൻ എഗ്രിമെന്റ് തീയതി മുതൽ 15 വർഷത്തേയ്ക്കാണ് ടോൾ പിരിക്കുന്നത്. 08.12.2004 മുതൽ 07.12.2019 വരെയാണ് കാലാവധി. ഷോർണ്ണൂരിലെ ചെറുതുരുത്തി പാലത്തിൽ പൊതുമരാമത്ത് വകുപ്പ് നേരിട്ടാണ് ടോൾ പിരിക്കുന്നത്. 27.01.2003 തീയതിയിലാണ് ടോൾ പിരിവ് ആരംഭിച്ചത്. ഈ പാലത്തിന്റെ നിർമ്മാണചെലവ് (11.9548 കോടി) പത്തുകോടി രൂപയേക്കാൾ അധികമായതിനാൽ പാലത്തിന്റെ നിർമ്മാണചെലവും 9% സാധാരണപലിശയും ഉൾപ്പെടെയുള്ള തുക തിരിച്ചെടുക്കുന്നത് വരെയോ അല്ലെങ്കിൽ ഇരുപത് വർഷമോ ഏതാണ് ആദ്യം വരുന്നത് അതുവരെയാണ് ടോൾ കാലാവധി. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പാലങ്ങളിലെ ടോൾ പിരിവ് നിർത്തലാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) | ടോൾ പിരിക്കുന്നതിന് അനുമതിയില്ലെങ്കിലും അന്യായമായി ചിലർ ടോൾ പിരിവ് നടത്തുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;എങ്കിൽ ഇതിനെതിരെ നടപടിയെടുക്കുമോ; വിശദമാക്കാമോ; | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ